സ്പോർട്സ്

ടീം 2003ലേത് പോലെ തന്നെ

2003 ൽ ലോകകപ്പ് ഫൈനലിലെത്തിയ ഇന്ത്യൻ ടീമിന് സമാനമാണ് ഇപ്പോഴത്തെ ടീമെന്ന് മുൻ ഇന്ത്യൻ ക്യാപ്ടൻ സൗരവ് ഗാംഗുലി. നമുക്ക് ശക്തമായ ബാറ്റിംഗ് ലൈനപ്പുണ്ട്, ധാരാളം മാച്ച് വിന്നേഴ്സും. ഇത് ശക്തമായ നിരതന്നെ– ഗാംഗുലി പറഞ്ഞു. പാകിസ്ഥാനെയും ശ്രീലങ്കയെയുമാണ് സൂക്ഷിക്കേണ്ടത്. അവർ കറുത്ത കുതിരകളായേക്കാം.

ഗിബ്സ് എന്ന ദയാലു

ക്രിക്കറ്റിൽനിന്ന് ലഭിച്ച എല്ലാ ട്രോഫികളും മുൻ ദക്ഷിണാഫ്രിക്കൻ താരം ഹെർഷൽ ഗിബ്സ് ദാനം ചെയ്തു. ആസ്ട്രേലിയയ്ക്കെതിരെ 438 റൺസ് പിന്തുടർന്ന് ജയിച്ച മത്സരത്തിലെ മാൻ ഒഫ് ദ മാച്ച് ട്രോഫിയും ദാനം ചെയ്തവയിൽ പെടുന്നു. 'ഞാൻ ഏറെകൊതിച്ചത് ലോകകപ്പാണ്. അത് ഇനി എനിക്ക് നേടാൻ കഴിയില്ല, ബാക്കിയൊന്നും പ്രശ്നമല്ല' – ഗിബ്സ് പറഞ്ഞു.

വെറുതേയിരിക്കില്ല: ബട്ട്

സ്പോട്ട് ഫിക്സിംഗിന്റെ പേരിൽ തനിക്കെതിരെ ക്രിമിനൽ കേസ് ചാർജ് ചെയ്ത ലണ്ടൻ പൊലീസിന്റെ നടപടിയെയും 10 വർഷത്തേക്ക് വിലക്കിയ ഐ.സി.സി നടപടിയെയും ചോദ്യം ചെയ്യുമെന്ന് മുൻ പാക് ക്യാപ്ടൻ സൽമാൻ ബട്ട്. എനിക്കൊന്നും ഒളിക്കാനില്ല. സത്യസന്ധത തെളിയിക്കാൻ എല്ലാ ആരോപണങ്ങളും ഉയർന്ന കോടതിയിൽ ചോദ്യം ചെയ്യും.

എല്ലാം ശ്രീയായി...

ശ്രീശാന്ത്

1. 51 ഏകദിനം, 75 വിക്കറ്റ്
2. ഇക്കണോമി–6.01, ബെസ്റ്റ് – 6ന് 55
3. കൂടുതൽ റൺസ് വിട്ടുകൊടുക്കുന്നത് പ്രധാന പ്രശ്നം
4. ബ്രേക്ക് ത്രൂ നൽകാൻ മിടുക്കൻ
5. നെഹ്റ മങ്ങിയാൽ ആദ്യ ഇലവനിൽ സാദ്ധ്യത

ന്യൂഡൽഹി: ശ്രീശാന്തിന് കോപമടക്കാൻ അറിയില്ല, ഗ്രൗണ്ടിനകത്തും പുറത്തും വിവേകത്തോടെ പെരുമാറാനറിയില്ല എന്നീ കുറ്റപ്പെടുത്തലുകൾ ഇനി നിറുത്തിയേ മതിയാകൂ. ശ്രീശാന്ത് ഇന്ത്യൻ ടീമിലെത്തി, ഇത് വിശ്വസിക്കുക.

ലോകകപ്പിനുള്ള 15 അംഗ ടീമിൽ ഇടം നേടാനായില്ലെങ്കിലും പരിക്കുമൂലം വലയുന്ന ടീമിൽ തന്റെ സാദ്ധ്യത ശ്രീശാന്ത് ശരിക്കും മനസിലാക്കിയിരുന്നു. പ്രവീൺ അല്ലെങ്കിൽ നെഹ്റ അന്തിമ ഇലവനിലുണ്ടാകില്ലെന്ന് ഏറക്കുറെ ഉറപ്പായിരുന്നു. ടീമിൽ ഇടം നേടാനായില്ലെങ്കിലും ഹൃദയഭേദകം എന്നുമാത്രം പറഞ്ഞ് ശ്രീശാന്ത് ദുഃഖവും നിരാശയും അടക്കി.

ശ്രീയുടെ സ്വഭാവം പരിഗണിക്കുകയാണെങ്കിൽ ഒരു വിവാദത്തിനെങ്കിലും അപ്പോൾ സ്കോപ്പുണ്ടായിരുന്നു. ഈ സ്വഭാവമിതത്വമായിരിക്കണം ശ്രീക്ക് നറുക്ക് വീണതിന് പ്രധാന കാരണം. ഒരു വിവാദംകൂടി മുറുകിയിരുന്നെങ്കിൽ ശ്രീശാന്ത് ടീമിലുണ്ടാകില്ലെന്ന് ഉറപ്പായിരുന്നു. വിനയ്കുമാറിനോ ഇശാന്തിനോ നറുക്ക് വീണേനെ. നാവടക്കി ടീമിൽ എത്തിയതുപോലെ പരിശീലനം തുടർന്ന ശ്രീശാന്തിന്റെ സമീപനമാറ്റത്തിനാകട്ടെ ഫുൾ മാർക്ക്.

ദക്ഷിണാഫ്രിക്കൻ പര്യടനത്തിനിടെ കൈമുട്ടിന് പരിക്കേറ്റ പ്രവീൺ ലോകകപ്പിന് മുമ്പ് ഫിറ്റാകില്ലെന്ന് ഉറപ്പായതാണ് ശ്രീക്കു വഴിതെളിഞ്ഞത്. ബി.സി.സി.ഐ സെക്രട്ടറി എൻ. ശ്രീനിവാസനാണ് പ്രവീണിനുപകരം ശ്രീശാന്തിനെ ടീമിലെടുത്ത വിവരം പത്രക്കുറിപ്പിൽ അറിയിച്ചത്. തീരുമാനം ഐ.സി.സി അംഗീകരിച്ചിട്ടുണ്ട്.

അങ്ങനെ ലോകകപ്പിനുള്ള ഇന്ത്യൻ ടീമിൽ രണ്ടാം തവണയും ശ്രീശാന്ത് ഇടം നേടി. 2007ലും 15 അംഗ സ്ക്വാഡിൽ ഉണ്ടായിരുന്നെങ്കിലും ഒറ്റ മത്സരത്തിലും കളിച്ചിരുന്നില്ല.

ഫെബ്രുവരി 6ന് പിറന്നാൾ ആഘോഷിച്ച ശ്രീശാന്തിന് ലോകകപ്പ് ടീമിലേക്കുള്ള ഈ രണ്ടാംവരവ് 29-ാം പിറന്നാൾ സമ്മാനമായി.

> ലോകകപ്പ് ടീമിൽ ഇടം നേടിയതിലൂടെ മഹത്തായ അവസരവും വെല്ലുവിളിയുമാണ് കൈവന്നിരിക്കുന്നത്. എന്റെ മികച്ച പ്രകടനം പുറത്തെടുക്കാൻ ശ്രമിക്കും. സൗരവ് ദാദയോട് എനിക്ക് പ്രത്യേക കടപ്പാടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ ഏറെ ഉപകാരപ്പെട്ടിട്ടുണ്ട്.

വൈകി വന്ന വസന്തം നുകർന്ന് 'നാലുകെട്ട്'

രാഹുൽ ജി. ചന്ദ്രൻ

കൊച്ചി: വൈകി വന്ന വസന്തം നുകരുന്ന ആവേശത്തിലായിരുന്നു ശ്രീശാന്തിന്റെ വീടായ 'നാലുകെട്ട്' ഇന്നലെ. ആശംസയറിയിക്കാൻ ഫോണിൽ വിളിക്കുന്നവരോട് നന്ദി പറഞ്ഞ് അച്ചരൻ ശാന്തകുമാരൻ നായർ കുഴങ്ങി. അഭിനന്ദനമറിയിക്കാൻ വീട്ടിലെത്തിയവരെ സ്വീകരിക്കുന്ന തിരക്കിലായിരുന്നു അമ്മ സാവിത്രിദേവി. ആഹ്ലാദം പങ്കിടാനെത്തിയവർക്ക് മധുരം നൽകി സഹോദരി നിവേദിത...

വൈകിട്ട് മൂന്നിന് ബാംഗ്ളൂരിൽ നിന്ന് അമ്മയെ ഫോണിൽ വിളിച്ചാണ് ലോകകപ്പ് ക്രിക്കറ്റ് ടീമിൽ ഇടംപിടിച്ച വാർത്ത ശ്രീശാന്ത് അറിയിച്ചത്. 'അമ്മേ എനിക്ക് ലോകകപ്പ് കളിക്കാം. സെലക്ഷൻ കിട്ടി. ടി.വി വച്ചുനോക്ക്...' തിരിച്ചു മറുപടി പറയുന്നതിന് മുൻപേ കാൾ കട്ടായി. സാവിത്രിദേവിയുടെ സംസാരത്തിൽ തന്നെ മനസിലെ സന്തോഷത്തിരയിളക്കം വ്യക്തം. ചാനലിൽ ഫ്ളാഷുകൾ മിന്നി മറയുന്നതു കണ്ട് അയൽവാസികളും നാട്ടുകാരും ബന്ധുക്കളും അഭിനന്ദനവുമായി നേരെ നാലുകെട്ടിലേക്ക് ഓടിയെത്തി.

"അവൻ നന്നായി കളിക്കുമെന്ന് ഉറപ്പാണ്. എല്ലാവരുടെയും പ്രാർത്ഥനയുണ്ടാവണം." അച്ചരൻ ശാന്തകുമാരൻ നായർ ഇത്രയും പറഞ്ഞപ്പോഴേക്കും കൈയിലിരുന്ന മൊബൈൽ ഫോൺ വീണ്ടും ശബ്ദിച്ചു.

"മലയാളികളുടെ പ്രാർത്ഥനയും സ്വപ്നവുമാണ് ഇപ്പോൾ സഫലമായത്. കഴിഞ്ഞ ലോകകപ്പിൽ അവൻ ഉണ്ടായിരുന്നെങ്കിലും കളിക്കാൻ കഴിഞ്ഞില്ല. ഇത്തവണ അവൻ അവസാന ഇലവനിലുണ്ടാവും, ലോകകപ്പ് കൊണ്ടുവരും. എനിക്കുറപ്പാണ്", അമ്മ പറഞ്ഞു.

മൈക്ക് ഹസിയും ഹൗറിറ്റ്സും പുറത്ത്

മൈക്ക് ഹസി

നഥാൻ ഹൗറിറ്റ്സ്

സിഡ്നി : തുടർച്ചയായ നാലാം വട്ടവും കിരീടം നേടാൻ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേക്ക് തിരിക്കുന്ന ഓസീസ് ടീമിന് കനത്ത തിരിച്ചടി. പരിക്ക് കാരണം മദ്ധ്യനിരയിലെ വിശ്വസ്ത ബാറ്റ്സ്മാൻ മൈക്ക് ഹസിയും സ്പിന്നർ നഥാൻ ഹൗറിറ്റ്സും ടീമിൽ നിന്നും പുറത്തായി. ഇരുവർക്കും പകരക്കാരായി കാലം ഫെർഗൂസനും ജേഡൻ ക്രേസയും കളിക്കും.

ആഷസ് പരമ്പരയിൽ ആസ്ട്രേലിയയ്ക്കുവേണ്ടി ഏറ്റവും നന്നായി കളിച്ച മൈക്ക് ഹസിക്ക് കൈത്തണ്ടയ്ക്കേറ്റ പരിക്കാണ് വിനയായത്. തോളെല്ലിനേറ്റ ക്ഷതമാണ് ഹൗറിറ്റ്സിന്റെ ലോകകപ്പ് മോഹങ്ങൾ കരിച്ചത്. ഇന്നാണ് ആസ്ട്രേലിയൻ ടീം ഇന്ത്യയിലേക്ക് തിരിക്കുന്നത്.

ഷോൺ മാർഷും സേവിയർ ഡോഹർട്ടിയുമായിരുന്നു പകരക്കാരാകേണ്ടിയിരുന്നതെങ്കിലും ഇരുവർക്കും പരിക്കേറ്റതാണ് ഫെർഗൂസനും ക്രേസയ്ക്കും തുണയായത്. ക്രേസ ആദ്യ ഏകദിനം കളിച്ചത് ഇക്കഴിഞ്ഞ ഇംഗ്ളണ്ട് പരമ്പരയിലെ അവസാന മത്സരത്തിലാണ്. 2008ൽ ഇന്ത്യൻ പര്യടനം നടത്തിയ ടീമിൽ ഉണ്ടായിരുന്നു. നാഗ്പൂരിൽ കളിച്ച കന്നി ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ 215 റൺ വഴങ്ങി 8 വിക്കറ്റ് വീഴ്ത്തിയതാണ് ക്രേസയ്ക്ക് മുതൽക്കൂട്ടായത്.

28 കാരനായ ഫെർഗൂസൻ 28 ഏകദിനങ്ങളിൽ ആസ്ട്രേലിയൻ കുപ്പായമണിഞ്ഞിട്ടുണ്ട്. 44 റൺ ശരാശരിയിൽ 660 റൺസാണ് സമ്പാദ്യം. എന്നാൽ, മൈക്ക് ഹസിയെപ്പോലൊരു താരത്തിന് പകരക്കാരനാകാൻ ഫെർഗൂസന് സാധിച്ചേക്കില്ല. ഒരുകാലത്ത് ഇന്ത്യൻ ടീമിന് രാഹുൽദ്രാവിഡ് ചെയ്തിരുന്ന സേവനങ്ങളാണ് മൈക്ക് ഹസി ഓസീസ് ടീമിന് വേണ്ടി നിർവഹിച്ചു പോന്നിരുന്നത്. മുൻനിരയിൽ വിക്കറ്റ് വീണുകൊണ്ടിരിക്കുമ്പോഴും വാലറ്റത്തെവരെ കൂട്ടുപിടിച്ച് ഹസി ആസ്ട്രേലിയയെ വിജയിപ്പിക്കുമായിരുന്നു. മൈക്കൽ ബെവനുശേഷം ആസ്ട്രേലിയയുടെ ഏറ്റവും മികച്ച മദ്ധ്യനിര ബാറ്റ്സ്മാനാണ് മൈക്ക് ഹസി. ഹസിയില്ലാത്തത് ആസ്ട്രേലിയയെ കുറച്ചൊന്നുമല്ല ബാധിക്കുക.

അതേസമയം റിക്കി പോണ്ടിംഗ്, ബ്രാഡ് ഹാഡിൻ, സ്റ്റീഫൻ സ്മിത്ത് എന്നിവർ പരിക്കിൽനിന്നും മോചിതരാകുന്നുവെന്ന വാർത്ത ഓസീസ് ക്യാമ്പിൽ ആഹ്ളാദം പരത്തുന്നുണ്ട്. കൈവിരലിനു പൊട്ടലേറ്റ പോണ്ടിംഗ് പരിക്ക് മാറി പരിശീലനം തുടങ്ങിയിട്ടുണ്ട്.

ഈഡനിൽ കളി നടക്കും

കൊൽക്കത്ത: ഈഡൻ ഗാർഡൻസിൽ ലോകകപ്പിലെ മൂന്നു മത്സരങ്ങൾ നടത്തുമെന്ന് ഐ.സി.സി പ്രഖ്യാപിച്ചു. ഗ്രൗണ്ട് പരിശോധിക്കാനെത്തിയ ഐ.സി.സി സംഘം തൃപ്തി രേഖപ്പെടുത്തിയതിനെത്തുടർന്നാണിത്. നേരത്തേ ഇന്ത്യയും ഇംഗ്ലണ്ടും തമ്മിൽ ഈഡനിൽ നടക്കേണ്ട മത്സരം ഐ.സി.സി റദ്ദാക്കിയിരുന്നു. 1987 ലെ ലോകകപ്പിന്റെ ഫൈനലും 96ലെ സെമിഫൈനലും ഈഡൻ ഗാർഡൻസിലാണ് നടന്നത്.

മെസിയും റൊണാൾഡോയും ഇന്ന് നേർക്കുനേർ

- അർജന്റീനയും പോർച്ചുഗലും ഇന്ന് സൗഹൃദ മത്സരത്തിൽ ഏറ്റുമുട്ടും
- ഇരുരാജ്യങ്ങളും കൊമ്പുകോർക്കുന്നത് 39 വർഷത്തിനുശേഷം
- മെസിയും ക്രിസ്റ്റ്യാനോയും മിന്നുന്ന ഫോമിൽ
- ഇരുവരും അന്താരാഷ്ട്ര മത്സരത്തിൽ ഏറ്റുമുട്ടുന്നത് ആദ്യം

ജനീവ: ലോക ഫുട്ബാളിലെ നിലവിലെ രാജാക്കന്മാരായ അർജന്റീനയുടെ ലയണൽ മെസിയും പോർച്ചുഗലിന്റെ ക്രിസ്റ്റ്യാനോ റൊണാൾഡോയും ഇന്ന് ആദ്യമായി ഒരു അന്താരാഷ്ട്ര മത്സരത്തിൽ ഏറ്റുമുട്ടും.

സ്പാനിഷ് ലാലിഗയിലെ ബാഴ്സലോണയുടെയും റയലിന്റെയും താരങ്ങളായ മെസിയും ക്രിസ്റ്റ്യാനോയും അർജന്റീനയും പോർച്ചുഗലും തമ്മിൽ നടക്കുന്ന സൗഹൃദമത്സരത്തിലാണ് ഏറ്റുമുട്ടുക. സ്വിറ്റ്സർലൻഡിലെ ജനീവയിലാണ് മത്സരം.

ഏകദേശം 40 വർഷങ്ങൾക്കുശേഷമാണ് പോർച്ചുഗലും അർജന്റീനയും ഒരു അന്താരാഷ്ട്ര മത്സരത്തിൽ ഏറ്റുമുട്ടുന്നത്. സ്പാനിഷ് ലീഗിൽ 24 ഗോളുകളുമായി മെസിയും ക്രിസ്റ്റ്യാനോയും ഒന്നാംസ്ഥാനത്താണ്.

എന്നാൽ മത്സരത്തെ മെസിയും ക്രിസ്റ്റ്യാനോയും തമ്മിലുള്ള പോരാട്ടമാക്കി മാറ്റുന്നതിനെതിരാണ് പോർച്ചുഗൽ കോച്ച് പോളോ ബെന്റോ. രണ്ടു രാജ്യങ്ങൾ തമ്മിലുള്ള പോരാട്ടമാണിത്. ഇതിനെ വ്യക്തികളിലേക്ക് ചുരുക്കരുത്, അദ്ദേഹം പറഞ്ഞു.

മെസിയും ക്രിസ്റ്റ്യാനോയും അവസാനമായി ഏറ്റുമുട്ടിയത് കഴിഞ്ഞ നവംബറിലെ മലിഗ മത്സരത്തിലാണ്. അന്ന് ബാഴ്സലോണ റയലിനെ 5–0ത്തിന് തകർത്തിരുന്നു. ഇരുവരും സ്പാനിഷ് ലീഗിൽ മിന്നുന്ന ഫോമിലാണ്. റയൽ മാഡ്രിഡ് കഴിഞ്ഞ ദിവസം റയൽ സോസിഡാഡിനെ 4–1ന് തോല്പിച്ചപ്പോൾ രണ്ടു ഗോൾ റൊണാൾഡോയുടെ വകയായിരുന്നു. മെസിയുടെ ഹാട്രിക്കിലാണ് ബാഴ്സലോണ അത്‌ലറ്റിക്കോ മാഡ്രിഡിനെ 3–0ത്തിന് തകർത്തത്.

കഴിഞ്ഞ നവംബറിൽ ബ്രസീലുമായി നടന്ന സൗഹൃദമത്സരത്തിൽ മെസിയുടെ ഗോളിലാണ് അർജന്റീന ജയിച്ചത്. അതേസമയം ലിസ്ബൺ ഫ്രണ്ട്ലി മത്സരത്തിൽ ലോക ചാമ്പ്യന്മാരായ സ്പെയിനിനെ 4–0ത്തിന് തകർത്ത വീര്യവുമായാണ് പോർച്ചുഗൽ വരുന്നത്.

ക്രിസ്റ്റ്യാനോ

മെസി

മെസി Vs റൊണാൾഡോ

മെസി	റൊണാൾഡോ
1. 53 അന്താരാഷ്ട്ര മത്സരങ്ങൾ	1. 79 അന്താരാഷ്ട്ര മത്സരങ്ങൾ
2. 15 ഗോളുകൾ	2. 25 ഗോളുകൾ
3. രണ്ട് ലോകകപ്പുകളിൽ കളിച്ചു	3. രണ്ട് ലോകകപ്പുകളിൽ കളിച്ചു

62 കായികതാരങ്ങളെ ഹവിൽദാർമാരായി നിയമിച്ചു

തിരുവനന്തപുരം: കേരള പൊലീസിലെ വിവിധ കായിക ടീമുകൾക്ക് പുത്തൻ ഉണർവ് നൽകുന്നതിന്റെ ഭാഗമായി വിവിധ കായിക ഇനങ്ങളിൽ പ്രാഗല്ഭ്യം തെളിയിച്ച 62 കായിക താരങ്ങളെ ഹവിൽദാർമാരായി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. പുരുഷവിഭാഗത്തിൽ അത്‌ലറ്റിക്സ്, ഫുട്ബാൾ, വോളിബാൾ, ബാസ്കറ്റ് ബാൾ എന്നീ ഇനങ്ങളിലും വനിതാ വിഭാഗത്തിൽ അത്‌ലറ്റിക്സിലുമാണ് ഇവരെ നിയമിക്കുന്നത്. സായുധ പൊലീസ് ബറ്റാലിയനുകളിലേക്കാണ് നിയമനം.

സുബയ്യാപിള്ള ട്രോഫി: റൈഫി നായകൻ

തിരുവനന്തപുരം: സുബയ്യാപിള്ള ട്രോഫി ക്രിക്കറ്റിനുള്ള 16 അംഗ കേരള ടീമിനെ പ്രഖ്യാപിച്ചു. റൈഫി വിൻസന്റ് ഗോമസാണ് ക്യാപ്ടൻ. റോബർട്ട് ഫെർണാണ്ടസാണ് വൈസ് ക്യാപ്ടൻ. കേരളത്തിന്റെ ആദ്യ മത്സരം നാളെ ആന്ധ്രപ്രദേശുമായി കോട്ട മൈതാനത്ത് നടക്കും. പി. രംഗനാഥനാണ് കേരള ടീം കോച്ച്. ജി. സജികുമാറാണ് ടീം മാനേജർ.

പരസ്യക്കാരെ സംരക്ഷിക്കും: ഐ.സി.സി

ന്യൂഡൽഹി : ക്രിക്കറ്റ് ലോകകപ്പിലെ ഔദ്യോഗിക സ്പോൺസർമാരെ സംരക്ഷിക്കാൻ എല്ലാ നടപടിയും സ്വീകരിക്കുമെന്ന് ഐ.സി.സി സി.ഇ.ഒ ഹാരൂൺ ലോർഗറ്റ്. ലോകകപ്പ് പോലുള്ള ചടങ്ങുകളിൽ പരസ്യക്കാർ നേട്ടം കൊയ്യാൻ ശ്രമിക്കുക സ്വാഭാവികമാണ്. അനധികൃത പരസ്യങ്ങൾ വച്ചുപൊറുപ്പിക്കില്ല, അദ്ദേഹം വ്യക്തമാക്കി.

1996 ലെ ലോകകപ്പിൽ പെപ്സി പയറ്റിയ പരസ്യതന്ത്രം ലോർഗറ്റ് സൂചിപ്പിച്ചു. അന്ന് പെപ്സി നത്തിംഗ് ഒഫിഷ്യൽ എബൗട്ട് ഇറ്റ് എന്നു പറഞ്ഞുകൊണ്ടാണ് പരസ്യം ചെയ്തത്. ഇത് ഔദ്യോഗിക സ്പോൺസർമാരായ കൊക്കക്കോളയെ ചൊടിപ്പിച്ചിരുന്നു.

10 പാർട്ണർമാരാണ് ഐ.സി.സിയുമായി ലോകകപ്പിന്റെ പരസ്യ കരാറിലേർപ്പെട്ടിരിക്കുന്നത്. ഇവരുടെ എണ്ണം കൂട്ടാൻ ഉദ്ദേശ്യമില്ല. 2007ലെ ലോകകപ്പിൽ നേടിയതിനേക്കാൾ വളരെയേറെ തുകയാണ് ഈ ലോകകപ്പിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്.

ലോകകപ്പിലൂടെ മാനം വീണ്ടെടുക്കണം: വഖാർ യൂനിസ്

കറാച്ചി: സ്പോട്ട് ഫിക്സിംഗ് വിവാദത്തിൽപെട്ട് നാണം കെട്ട പാക് ക്രിക്കറ്റിനെ രക്ഷിച്ചെടുക്കണമെങ്കിൽ ലോകകപ്പിൽ പാകിസ്ഥാൻ മികച്ച പ്രകടനം നടത്തണമെന്ന് പാക് ക്രിക്കറ്റ് കോച്ച് വഖാർ യൂനിസ്. വിവാദങ്ങൾ ടീമിനെ ബാധിച്ചിട്ടില്ലെന്നതിന്റെ തെളിവാണ് ടീമിന്റെ ന്യൂസിലൻഡ് പ്രകടനം. ഇപ്പോഴത്തെ കളി ലോകകപ്പിലും ടീമിന് ആവർത്തിക്കാൻ കഴിയണം.

ചെത്രിയെ കൻസാസ് ഒഴിവാക്കി

ന്യൂഡൽഹി : ഇന്ത്യൻ ഫുട്ബാളർ സുനിൽ ചെത്രിയെ അമേരിക്കൻ ക്ളബായ സ്പോർട്ടിംഗ് കൻസാസ് സിറ്റി ഒഴിവാക്കി. പുതിയ സീസണിൽ ചെത്രിയെ ടീമിലെടുക്കുന്നതിന് ക്ളബിന് താത്പര്യമില്ല. കൻസാസ് സിറ്റി വിസാർഡ്സ് എന്നറിയപ്പെട്ടിരുന്ന ക്ളബിൽ ചെത്രി ഒരു ഔദ്യോഗിക മത്സരം മാത്രമാണ് കളിച്ചത്. കഴിഞ്ഞ വർഷം മാർച്ചിലായിരുന്നു ചെത്രി ക്ളബുമായി കരാറിലെത്തിയത്. ബൈചുംഗ് ബൂട്ടിയയ്ക്കു ശേഷം വിദേശക്ളബിൽ കളിക്കുന്ന ഇന്ത്യൻ താരമാണ് ചെത്രി.

ചെത്രിയെ ഒഴിവാക്കിയതിന് ക്ളബ് കാരണങ്ങളൊന്നും പറയുന്നില്ലെങ്കിലും ടീമിലെ അന്താരാഷ്ട്ര താരങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനാണ് ഒഴിവാക്കലെന്ന് കരുതപ്പെടുന്നു. ആസ്ട്രേലിയൻ ക്ളബായ പെർത്ത് ഗ്ലോറി ചെത്രിയിൽ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ചർച്ചകളൊന്നും നടന്നിട്ടില്ല.